

# Joy Elamkunnapuzha CMI, Artist

## 'ചെറുമയുടെ' ആധ്യാത്മികഭാവം സ്വായത്തമാക്കിയ വിനീതാചാര്യൻ

നാട്ടിൻപുറത്തെ കണ്ടും കേട്ടും ആവർത്തന വിരസ മായ കാര്യം തന്നെ. അത് ആശ്രമാവൃതിയിലെ ആചാര്യനിൽ നിന്നും ആയപ്പോൾ എന്തോ പ്രത്യേകതലം വന്നതുപോലെ. വിദ്യാവനം ആശ്രമത്തിലെ ഒരു സന്ധ്യാ വേള. അന്ന് അധികം സാധകർ ഇല്ലായിരുന്നു. വിരലിൽ എണ്ണാവുന്നവർമാത്രം. പൊതുവായിവച്ചിരുന്ന ഭക്ഷണം ഓരോരുത്തരും അവരവരുടെ ആവശ്യാനുസരണം പാത്രത്തിൽ എടുത്തു കഴിച്ചു തീരാറായി. അവരോടൊപ്പം ഭക്ഷിച്ചു കഴിഞ്ഞ ആശ്രമാചാര്യൻ പൊതുവായി വച്ചിരുന്ന പാത്രങ്ങൾ വന്നു നോക്കിയപ്പോൾ കുറെ ചോറും ഏതാനും കറിയും ശേഷിപ്പ് ഉണ്ടായിരുന്നു. അദ്ദേഹം ആ പാത്രം എടുത്തു കുറച്ച് സ്വന്തം പാത്രത്തിലും, ഇരുന്നിരുന്ന എല്ലാവരുടെ പാത്രത്തിലേയ്ക്കും അല്പാല്പമായി വിളമ്പി പാത്രം കാലിയാക്കി. എന്നിട്ട് അദ്ദേഹം പറഞ്ഞു: "ഈ നാട്ടിൽ എത്ര പാവങ്ങളാ ഒരു നേരത്തെ ഭക്ഷണത്തിനായി കൊതിച്ചിരിക്കുന്നത്. അതു കൊണ്ട് അല്പമ്പോലും ഭക്ഷണം നഷ്ടമാവരുത്." പുറം ലോകത്തിലേ സാധാരണ മനുഷ്യരിലേക്ക് എത്തിനോക്കാൻ കഴിഞ്ഞെങ്കിലേ ആശ്രമവും അവിടുത്തെ ആചാരങ്ങളും, ആത്മീയബോധ്യങ്ങളും, യോഗനിഷ്ഠകളും ആശ്രമധർമത്തിന് അനുസൃതം മൂല്യമുള്ളതാവുകയുള്ളൂ. ഈ ധർമ്മം ഉള്ളിൽ എരിഞ്ഞിരുന്ന ആചാര്യൻ ആയിരുന്നു വിനീതച്ചൻ.

ധർമ്മാരാം കോളേജ് അധ്യാപകൻ ആയി ഫിലോസഫി ഡിപ്പാർട്ട്മെൻറിൽ ഒണ്ടോളജി അല്ലെങ്കിൽ മെറ്റാഫിസിക്സ് ആണ് പഠിപ്പിച്ചിരുന്നത്. വളരെ അമൂർത്തമായ വിഷയം. അതിനെ ചരിത്ര-സാമൂഹ്യ-സാംസ്കാരിക തലത്തിലൂടെ വിശദീകരിച്ച് വിദ്യാർത്ഥികളെ സ്വന്തമായ ചിന്താധാരയിലേക്ക് ഉയർത്താൻ ഇദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പലരും അദ്ദേഹത്തെ വിലയിരുത്തുന്നത് തനതായ ചിന്തയും, ചിന്തിപ്പിക്കാനുള്ള കനൽ എരിയിക്കുകയും ചെയ്ത വ്യക്തിയായിട്ടാണ്. ഫിലോസഫിയുടെ അമൂർത്തതയിൽനിന്നും ആശ്രമത്തിൻെറ മൂർത്തതയിലേക്ക് ഊളിയിട്ട് ഇറങ്ങി 'ചെറുമയുടെ' ആധ്യാത്മിക ഭാവം സ്വായത്തമാക്കിയ വിനീതാചാര്യൻ ആയിരുന്നു വിനീതച്ചൻ.